ഉത്തരം

(എ)&(ബി) മത്സ്യബന്ധന ബോട്ടുകൾക്ക് മത്സ്യബന്ധനത്തിനായി മണ്ണെണ്ണ ലഭ്യമാക്കാറില്ല.

7 (1107) ഹൈ സ്പീഡ് ബോട്ടുകൾ

ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പിലേക്ക് ഇതുവരെ എത്ര ഹൈ സ്പീഡ് ബോട്ടുകൾ നിർമ്മിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര ബോട്ടുകൾ പ്രവർത്തിക്കുന്നുണ്ട്; എത്ര ബോട്ടുകൾ പ്രവർത്തിക്കുന്നില്ല.

(സി) എല്ലാ ബോട്ടുകളും ഉപയോഗിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 5 എണ്ണം.

(ബി) 4 ബോട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. 1 ബോട്ട് ഇപ്പോൾ റിപ്പയറിംഗിലാണ്.

(സി) 'കല്യാണി' എന്ന ബോട്ടിന്റെ പ്രൊപ്പല്ലറിനും, ക്ലച്ചിനും ഉണ്ടായ തകരാറുകൾമൂലം അടിയന്തിര അറ്റകുറ്റപ്പണികൾക്കായി കൊച്ചിയിൽ ബർത്ത് ചെയ്തിരിക്കുകയാണ്.

8 (1108) പുതിയ മത്സ്യ ഹാച്ചറികൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ മത്സ്യ ഹാച്ചറികൾ എവിടെയെല്ലാം ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പുതുതായി മത്സ്യ ഹാച്ചറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) മത്സ്യ ഹാച്ചറികൾ ആരംഭിക്കുന്നതിന്റെ മാനദണ്ഡം എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ഇ) മത്സ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വെളിപ്പെടുത്താം. കൊല്ലം ജില്ലയിലെ തിരുമുല്ലവാരം, മലപ്പുറം ജില്ലയിലെ വെളിയംകോട്, കണ്ണൂർ ജില്ലയിലെ മാപ്പിളബേ എന്നിവിടങ്ങളിൽ മത്സ്യഫെഡിന്റെ 3 ചെമ്മീൻ ഹാച്ചറികളും, കൊല്ലം ജില്ലയിലെ നീണ്ടകര, തൃശ്ശൂർ ജില്ലയിലെ അഴീക്കോട് എന്നിവിടങ്ങളിൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ നിയന്ത്രണത്തിൽ 2 ചെമ്മീൻ ഹാച്ചറികളും പ്രവർത്തിക്കുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിൽ പൊഴിയൂർ, കൊല്ലം ജില്ലയിൽ പുന്നത്തല, ആലപ്പുഴ ജില്ലയിൽ തോട്ടപ്പള്ളി, പതിയാങ്കര, എറണാകുളം ജില്ലയിൽ കച്ചേരിപ്പടി, ചെറായി, വൈറ്റില, തൃശ്ശൂർ ജില്ലയിൽ ഏരിയാട്, തളിക്കുളം എന്നിവിടങ്ങളിൽ സ്വകാര്യ മേഖലയിൽ 11 ചെമ്മീൻ ഹാച്ചറികളും പ്രവർത്തിക്കുന്നുണ്ട്.

(ബി)&(സി) ഉണ്ട്. നെയ്യാർ ഡാമിൽ.

(ഡി) വിശദീകരിക്കാം. മത്സ്യ ഹാച്ചറികൾ ആരംഭിക്കുന്നതിന്റെ മാനദണ്ഡം താഴെ കൊടുത്തിരിക്കുന്നു.

1. അനുയോജ്യമായ സ്ഥലം.

2. പ്രസ്തുതജില്ലയിലേക്ക് ആവശ്യമുള്ള മത്സ്യവിത്തിന്റെ എണ്ണം.

3. മത്സ്യ വിത്തുൽപ്പാദനം ആദായകരമായ ഒരു തൊഴിൽ എന്ന നിലയിൽ ഏറ്റെടുക്കുവാൻ മുന്നോട്ടുവരുന്ന വ്യക്തികൾ.

(ഇ) ഉണ്ട്.

(എഫ്) വെളിപ്പെടുത്താം. മത്സ്യ സംസ്കരണ വിപണന മേഖലയിൽ ജോലി ചെയ്യുന്നവരുടെ പ്രശ്നങ്ങൾ പഠിച്ച് ക്ഷേമ പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർ ചെയർമാനായി ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി റിപ്പോർട്ടു പ്രകാരം കേരളത്തിൽ ഏകദേശം 2 ലക്ഷത്തോളം അനുബന്ധ തൊഴിലാളികൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ഇവരെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡിൽ ''ബി'' ക്ലാസ് മെമ്പർമാരായി ഉൾപ്പെടുത്താനും അപകട ഇൻഷുറൻസ് പദ്ധതി, പെൻഷൻ, സൗജന്യ ചികിത്സാ സഹായം എന്നീ പദ്ധതികൾ നടപ്പിലാക്കാനും കമ്മിറ്റി ശുപാർശ ചെയ്തതിനെത്തുടർന്ന് പ്രസ്തുത തൊഴിലാളികൾക്കുകൂടി ക്ഷേമപദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് 17.12.1997-ൽ സർക്കാർ ഉത്തരവായി. നിലവിലുണ്ടായിരുന്ന മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്ടിൽ ഭേദഗതി വരുത്തി 19.4.1999-ൽ ഉത്തരവു പുറപ്പെടുവിച്ചതനുസരിച്ച് മത്സ്യബന്ധന തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത് പെൻഷൻ, സൗജന്യ ചികിൽസാ സഹായം, അപകട ഇൻഷുറൻസ് എന്നീ ആനുകൂല്യങ്ങൾക്ക് സഹായം തേടാവുന്നതാണ്.

9 (1109) ശുദ്ധജല മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ.എ ചന്ദ്രൻ :

ശ്രീമതി ശോഭനാ ജോർജ് :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly